(സി) 135 തടവുകാരെ

(ഡി) ആന്റ് (ഇ) ജയിൽ റിവ്യൂ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അന്തിമ തീരുമാനം എടുക്കുന്ന മുറയ്ക്ക് അവരുടെ പേരുകൾ വെളിപ്പെടുത്തുന്നതാണ്.

വിട്ടയയ്ക്കപ്പെട്ട തടവുകാർ

88 [1605] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ അഡ്വൈസറി കമ്മിറ്റി, റിവ്യൂ കമ്മിറ്റി എന്നിവയുടെ ശുപാർശ പ്രകാരം എത്ര തടവുകാരെ സർക്കാർ വിട്ടയച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പത്ത് വർഷം മുതൽ 20 വർഷം വരെ ശിക്ഷ പൂർത്തിയാക്കിയ എത്ര ജീവപര്യന്തം തടവുകാർ കേരളത്തിലെ ജയിലുകളിൽ കഴിയുന്നു എന്ന് വ്യക്തമാക്കാമോ;

(സി) തടവുകാരുടെ മോചനത്തിന് പ്രത്യേക ഇളവ് വ്യവസ്ഥകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ ശിക്ഷ ഇളവുകിട്ടിയ എത്ര തടവുകാരെ കേരളത്തിലെ ജയിലുകളിൽ നിന്നും ഈ സർക്കാമിന്റെ കാലയളവിൽ വിടുതൽ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ആരെയും വിടുതൽ ചെയ്തിട്ടില്ല.

(ബി) 254 തടവുകാർ

(സി) അംബേദ്കർ ജന്മശതാബ്ദിയോടനുബന്ധിച്ച് 11-9-1991-ലെ ജി. ഒ. (ആർ‌ടി.) 4464/91/ഹോം എന്ന ഉത്തരവ് പ്രകാരവും ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിന്റെ 50-ാം വാർഷികം പ്രമാണിച്ച് 22-9-1997-ലെ ജി. ഒ. (ആർ‌ടി.) 4150/97/ഹോം എന്ന ഉത്തരവ് പ്രകാരവും മില്ലേനിയം ആഘോഷപരിപാടിയുടെ ഭാഗമായി 4-4-2000-ലെ ജി. ഒ. (എംഎസ്.) 87/2000/ഹോം എന്ന ഉത്തരവ് പ്രകാരവും അങ്ങനെ മൂന്നു തവണ സർക്കാർ, തടവുകാർക്ക് പ്രത്യേക ശിക്ഷാ ഇളവ് നൽകുകയും അതനുസരിച്ച് അവരെ വിടുതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ജയിൽ വകുപ്പിലെ ഫീമെയിൽ വാർഡർമാർ

89 [1606] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജയിൽ വകുപ്പിൽ ആകെ എത്ര ഫീമെയിൽ വാർഡർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫീമെയിൽ വാർഡൻ, മേട്രൻ തസ്തികയുടെ നിലവിലുള്ള അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ജയിൽ വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിലവിലുള്ള വനിതാ തസ്തികകൾ ഏതെല്ലാമെന്നും അവ ഓരോന്നിന്റെയും എണ്ണം എത്രയാണെന്നും വിശദമാക്കുമോ;

(ഡി) വനിതാ ജയിലുകളിലെ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, വെൽഫയർ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്ത് മാനദണ്ഡം അനുസരിച്ചാണ് ഈ തസ്തികകളിലേക്ക് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 76 വനിതാ വാർഡർമാർ

(ബി) ഫീമെയിൽ വാർഡൻ, മേട്രൻ ഗ്രേഡ് രണ്ട്, മേട്രൻ ഗ്രേഡ് ഒന്ന് എന്നീ തസ്തികകളുടെ അനുപാതം 4:1:1 എന്ന ക്രമത്തിലാണ്.

(സി) വനിതാ ജയിൽ സൂപ്രണ്ട്	—	1
വനിതാ ജയിൽ ഡെപ്യൂട്ടി സൂപ്രണ്ട്	—	1
ഒന്നാം ഗ്രേഡ് മേട്രൻ	—	6
രണ്ടാം ഗ്രേഡ് മേട്രൻ	—	6
വനിതാ വാർഡർ	—	76

(ഡി) ഇല്ല.

(ഇ) സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട് എന്നീ തസ്തികകളിലേക്കുള്ള നിയമനം സീനിയോറിറ്റിയുടേയും യോഗ്യതയുടേയും അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. 2-1-1980-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 8/80/ആഭ്യന്തരം അനുസരിച്ചാണ് വെൽഫയർ ഓഫീസർമാരുടെ നിയമനം നടത്തുന്നത്.

പരോളിലിറങ്ങിയ തടവുകാർ

90 [1607] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി എത്ര തടവുകാരുണ്ടെന്നും അതിൽ സ്ത്രീകളെത്രയെന്നും പുരുഷന്മാരെത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ ജയിലുകളിൽ നിന്ന് പരോളിലിറങ്ങിയ എത്ര തടവുകാർ ഒളിവിൽ പോയിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly